ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 02.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഘാന, ബ്രസീൽ ഉൾപ്പെടെ അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം ഇന്ന് ആരംഭിക്കും.

   Prime Minister Narendra Modi to embark on a five-nation visit to Ghana, Trinidad and Tobago, Argentina, Brazil, and Namibia today.

2. സ്വതന്ത്രവും തുറന്ന സമീപനത്തോടെയുമുള്ള ഇന്തോ-പസഫിക് ബന്ധം ഉറപ്പാക്കാൻ ക്വാഡ് രാജ്യങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   External Affairs Minister Dr. S Jaishankar said QUAD nations are committed to ensure a free and open Indo-Pacific.

3. കസ്റ്റഡിയിലുള്ള സാധാരണ പൗരന്മാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക കൈമാറി ഇന്ത്യയും പാകിസ്ഥാനും.

   India and Pakistan exchanged the lists of civilian prisoners and fishermen in each other's custody.

4. രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ

**ഐ.ടി ക്യാമ്പസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും.**

**Chief Minister Pinarayi Vijayan will inaugurate the second residential IT campus of international IT company Zoho Corporation today at Kottarakkara, Kerala.**

5. **ഗാസയിൽ 60 ദിവസത്തെ വെടിനിർത്തലിന് ഇസ്രയേൽ സമ്മതിച്ചതായി യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.**

   **US President Donald Trump has said, Israel has agreed on terms for a 60-day ceasefire in Gaza.**

6. **ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ഇന്ന് തുടക്കം.**

   **The second test of Anderson-Tendulkar Trophy series between India and England will begin today.**

**&&&&&&&&&&&&&&&&&&**

**PM-VIST FIVE NATIONS**

പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന അഞ്ച് രാഷ്ട്രങ്ങളിലെ സന്ദർശനം ഇന്ന് ആരംഭിക്കും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളിലാണ് പ്രധാനമന്ത്രി സന്ദർശനം നടത്തുക. ആദ്യ ഘട്ടത്തിൽ പ്രധാനമന്ത്രി ഘാന സന്ദർശിക്കും. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, പുനരുപയോഗ ഊർജ്ജം, വ്യാപാരം, നിക്ഷേപം തുടങ്ങിയ പ്രധാന മേഖലകളിൽ വികസന സഹകരണ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനുള്ള കൂടുതൽ വഴികളെക്കുറിച്ച് നേതാക്കളുമായി ശ്രീ നരേന്ദ്ര മോദി ചർച്ച ചെയ്യും. ഘാന

യിലേക്കും,നമീബിയലേക്കുമുള്ള പ്രധാനമന്ത്രിയുടെ ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&

**UNION CABINET**

രാജ്യത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി, ഒരു ലക്ഷം കോടി രൂപയുടെ തൊഴിൽ-ബന്ധിത പ്രോത്സാഹന പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. രണ്ട് വർഷത്തിനുള്ളിൽ രാജ്യത്ത് 3.5 കോടിയിലധികം
തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ദേശീയ കായിക നയത്തിനും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

**JAISHANKAR-QUAD(intro )**

വികസനത്തിലും സുരക്ഷയിലും ശരിയായ തീരുമാനങ്ങൾ എടുക്കാൻ ഇന്തോ-പസഫിക് രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെന്ന് കേന്ദ്ര മന്ത്രി എസ്. ജയ്ശങ്കർ. സ്വതന്ത്രവും തുറന്ന

സമീപനത്തോടെയുള്ള ഇന്തോ-പസഫിക് ബന്ധം ഉറപ്പാക്കാൻ ക്വാഡ് രാജ്യങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും വാഷിംഗ്ടൺ ഡിസിയിൽ നടന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് - വോയിസ് )

&&&&&&&&&&&&&&&&&&

**RAJNATH SINGH**

ഭീകരതയ്ക്കെതിരെ പ്രതികരിക്കാനും പ്രതിരോധിക്കാനും, അതിർത്തി കടന്നുള്ള കൂടുതൽ ആക്രമണങ്ങളെ തടയാനും ഇന്ത്യയ്ക്ക് അവകാശമുണ്ടെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂരിൽ ഇന്ത്യയുടെ നടപടികൾ നിയന്ത്രിതവും ആനുപാതികവും, തീവ്രവാദ അടിസ്ഥാന സൗകര്യങ്ങൾ തകർക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായിരുവെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**PARLIAMENTARY COMMITTEE-HOME AFFAIRS-**

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിഷയം ചർച്ച ചെയ്യുന്നതിനായി പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ യോഗം ഇന്ന് നടക്കും. ബിജെപി എം പി രാധാ മോഹൻ ദാസ് അഗർവാളാണ് കമ്മിറ്റിയുടെ അധ്യക്ഷൻ. 'സൈബർ കുറ്റകൃത്യങ്ങൾ - പ്രത്യാഘാതങ്ങൾ, സംരക്ഷണം, പ്രതിരോധം' എന്ന വിഷയത്തിൽ ചർച്ച നടക്കും. യോഗത്തിൽ മന്ത്രാലയങ്ങളുടെയും സംഘടനകളുടെയും അഭിപ്രായങ്ങൾ കമ്മിറ്റി കേൾക്കും.

&&&&&&&&&&&&&&&&&&

**INDIA-PAKISTAN PRISONERS**

കസ്റ്റഡിയിലുള്ള സാധാരണ പൗരന്മാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക ഇന്ത്യയും പാകിസ്ഥാനും കൈമാറി. 382 തടവുകാരുടെയും 81 മത്സ്യത്തൊഴിലാളികളുടെയും പേരുകളാണ് ഇന്ത്യ കൈമാറിയത്. 53 തടവുകാരുടെയും 193 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ പാകിസ്ഥാൻ നൽകി. 2014-ന് ശേഷം 2,661 മത്സ്യത്തൊഴിലാളികളെയും 71 സാധാരണക്കാരെയും പാകിസ്ഥാനിൽ നിന്ന് തിരിച്ചെത്തിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**MORN. CBI- DOCTORS**

ഛത്തീസ്ഗഢിൽ കൈക്കൂലിക്ക് പകരമായി അനുകൂല പരിശോധനാ റിപ്പോർട്ടുകൾ സമർപ്പിക്കാൻ സൗകര്യമൊരുക്കിയതിന് മൂന്ന് ഡോക്ടർമാരെയും മറ്റ് മൂന്ന് പേരെയും സി.ബി.ഐ അറസ്റ്റ് ചെയ്തു. ഛത്തീസ്ഗഢിലെ നവ റായ്പൂരിലുള്ള ശ്രീ റാവത്ത്പുര സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ചിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തത്. കേസുമായി ബന്ധപ്പെട്ട് 6 സംസ്ഥാനങ്ങളിലായി 40 ലധികം സ്ഥലങ്ങളിൽ സി.ബി.ഐ റെയ്ഡ് നടത്തി.

&&&&&&&&&&&&&&&&&&

## UNION MINISTERS MEETING

കേന്ദ്ര മന്ത്രിമാരായ പ്രഹ്ലാദ് ജോഷി, ഹർദീപ് സിംഗ് പുരി എന്നിവരുമായി മന്ത്രി ജി.ആർ. അനിൽ കൂടിക്കാഴ്ച നടത്തി. ഓണക്കാലത്ത് കൂടുതൽ അരിവിഹിതം ലഭ്യമാക്കണമെന്നും , മുൻഗണനേതര കുടുംബങ്ങൾക്ക് ഓണക്കാലത്ത് അധികമായി 5 കിലോ അരി അനുവദിക്കണമെന്നും അദ്ദേഹം കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടു. ഇ - പോസ് യന്ത്രങ്ങളുടെ അപ്ഗ്രഡേഷൻ, മണ്ണെണ്ണ വിഹിതം എന്നിവയുടെ നിർദിഷ്ട സമയപരിധി സപ്തംബർ 30 വരെ ദീർഘിപ്പിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## KMY FIRST BATCH RETURNS

കൈലാസ് മാനസരോവർ യാത്രപൂർത്തിയാക്കി തീർത്ഥാടകരുടെ ആദ്യസംഘം ഉച്ചയോടെ നാഥുലയിൽ മടങ്ങിയെത്തി. തുടർന്ന് കസ്റ്റംസ്, ഇമിഗ്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ തീർത്ഥാടകരെ ഷെരേതാങ്ങിലേക്ക് കൊണ്ടുപോയി. തീർത്ഥാടകർ ഇന്ന് സ്വദേശങ്ങളിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

**CM KERALA–IT COMPANY**

രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ഐ.ടി ക്യാമ്പസ് കൊട്ടാരക്കര നെടുവത്തൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. റോബോട്ടിക്സ്, എ ഐ, പ്രോഡക്റ്റ് ഡെവലപ്മെന്റ് മേഖലകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ക്യാമ്പസിൽ ആദ്യഘട്ടത്തിൽ 250 പേർക്ക് ജോലി ലഭ്യമാകും.

&&&&&&&&&&&&&&&&&&

**VS**

ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻറെ ആരോഗ്യനില ഗുരുതരമായി തുടരുന്നു. വെൻറിലേറ്റർ അടക്കം നിലവിൽ നല്കിവരുന്ന

ചികിത്സകൾ തുടരുമെന്ന് മെഡിക്കൽ ബുള്ളറ്റിനിൽ വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

## AMIT SHAH –INTRO

ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ പുതിയ ക്രിമിനൽ നിയമങ്ങൾ നീതിന്യായ വ്യവസ്ഥയിൽ സമഗ്ര പരിവർത്തനം കൊണ്ടുവരുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയതിൻ്റെ ഒന്നാം വാർഷികത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(വോയിസ്)**

&&&&&&&&&&&&&&&&&&

## CRICKET

ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ഇന്ന് തുടക്കം. ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30-നാണ് മത്സരം. ശുഭ്മാൻ ഗിൽ ഇന്ത്യൻ ടീമിനെ നയിക്കും. 5 മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനായിരുന്നു ജയം. മൂന്നാം മത്സരം ഈ മാസം 10 നാണ്.

&&&&&&&&&&&&&&&&&&

## NT. CRICKET WOMEN T20I

ഇംഗ്ലണ്ടിനെതിരായ അഞ്ച് മത്സരങ്ങളുള്ള വനിതാ ടി -20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്കു ജയം. ഇംഗ്ലണ്ടിനെ 24 റൺസിനാണു ഇന്ത്യൻ ടീം പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റിംഗിനിറങ്ങിയ ഇന്ത്യ നിശ്ചിത ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 181 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 157 റൺസ് എടുത്തു. ഈ വിജയത്തോടെ, ഇന്ത്യ 2-0 ത്തിന് മുന്നിലെത്തി. മൂന്നാം മത്സരം വെള്ളിയാഴ്ച നടക്കും.

&&&&&&&&&&&&&&&&&&

## TABLE TENNIS

താഷ്ക്കന്തിൽ നടക്കുന്ന 29-ാമത് ഏഷ്യൻ യൂത്ത് ചാമ്പ്യൻഷിപ്പ് ടേബിൾ ടെന്നിസിൽ ഇന്ത്യയുടെ ദിവ്യാൻഷി ബൗമിക്കിന് സ്വർണ്ണം. പെൺകുട്ടികളുടെ അണ്ടർ - 15 വിഭാഗത്തിലാണ് മെഡൽ നേട്ടം. ചൈനീസ് താരത്തെയാണ് ഫൈനലിൽ ദിവ്യാൻഷി തോൽപിച്ചത്.

&&&&&&&&&&&&&&&&&&

## GAZA CEASEFIRE, TRUMP

ഗാസയിൽ 60 ദിവസത്തെ വെടിനിർത്തലിന് ഇസ്രയേൽ സമ്മതിച്ചതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. കരാർ അന്തിമമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഇസ്രയേൽ അംഗീകരിച്ചതായി ട്രംപ് വ്യക്തമാക്കി. നിർദ്ദിഷ്ട കരാറിനിടെ, യുദ്ധം അവസാനിപ്പിക്കാൻ എല്ലാ കക്ഷികളുമായും പ്രവർത്തിക്കും. സമാധാനം സ്ഥാപിക്കാൻ വളരെയധികം പരിശ്രമിച്ച ഖത്തറും ഈജിപ്തും അന്തിമ കരാർ നടപ്പിലാക്കും. അടുത്തയാഴ്ച ഇസ്രയേൽ പ്രധാനമന്ത്രിയുമായി നടക്കാനിരിക്കുന്ന കൂടിക്കാഴ്ചയ്ക്ക് തൊട്ടുമുമ്പാണ് ട്രംപിന്റെ വെടിനിർത്തൽ പ്രഖ്യാപനം.

&&&&&&&&&&&&&&&&&&

## US –GOP MEGABILL

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ബജറ്റ് ബിൽ യുഎസ് സെനറ്റിൽ വൈസ് പ്രസിഡന്റ് ജെ ഡി വാൻസിന്റെ കാസ്റ്റിങ് വോട്ടോടെ പാസാക്കി. 'വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ' എന്ന് വിളിക്കപ്പെടുന്ന ബില്ലിനെ അ്നുകൂലിച്ചും എതിർത്തും 50 വോട്ടുകൾ വീതം ലഭിച്ചതോടെയാണ് സമനില ഭേദിക്കാൻ വൈസ് പ്രസിഡന്റ് കാസ്റ്റിങ് വോട്ട് ചെയ്തത്. ബിൽ പ്രസിഡന്റിന്റെ മേശയിൽ എത്തുന്നതിനുമുമ്പ് അന്തിമ അനുമതിക്കായി യുഎസ് ജനപ്രതിനിധിസഭയിലേക്ക് അയച്ചു.

&&&&&&&&&&&&&&&&&&

## PUTIN–MACRON TALK

രണ്ടര വർഷത്തിനു ശേഷം ആദ്യമായി റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും തമ്മിൽ ഫോൺ സംഭാഷണം നടത്തി. ഇറാൻറെ ആണവപദ്ധതിയെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. പ്രാദേശിക സംഘർഷങ്ങൾ കുറയ്ക്കാൻ റഷ്യയും ഫ്രാൻസും സഹകരിക്കണമെന്ന് രണ്ട് മണിക്കൂറിലധികം നീണ്ട ചർച്ചയിൽ നിർദ്ദേശം ഉയർന്നു.

&&&&&&&&&&&&&&&&&&

## SRILANKA-SCHOOL

ശ്രീലങ്കയിലെ സർക്കാർ സ്കൂളുകളിൽ നിന്നുള്ള 35 ഹിന്ദി അധ്യാപകർ ഇതാദ്യമായി ഇന്ത്യയിൽ പരിശീലനം നേടും. കൊളംബോയിലെ സ്വാമി വിവേകാനന്ദ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഗ്രയിലെ കേന്ദ്രീയ ഹിന്ദി സൻസ്ഥാനിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ, ശ്രീലങ്കയിലെ 88 സ്കൂളുകൾ ഹിന്ദി ഒരു വിഷയമായി പഠിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&